ശ്രീ. എ. എ. റഹിം : പ്രത്യേകം മതമൊന്നും ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.

ശ്രീ. പി. കുഞ്ഞച്ചൻ : സർ, മനുഷ്യർക്ക് പേ പിടിച്ചാൽ എന്താണ് ചെയ്യുന്നത് ?

ശ്രീ. എ. എ. റഹിം : ഉദുമ്പാറ എന്ന സ്ഥലത്ത് ഒരു ആശുപത്രി ഉണ്ട്. അവിടെ പിടിച്ചുകൊണ്ടു പോകും.

പിന്നാക്കസമുദായക്കാർക്കുള്ള സൗജന്യങ്ങൾ.

* 218. [30] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ പറയുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ :

ക്രിസ്തുമതം സ്വീകരിച്ച പിന്നാക്കസമുദായക്കാർക്ക് ഹിന്ദുമതത്തിൽ തന്നെ നിൽക്കുന്ന പിന്നാക്കസമുദായക്കാർക്ക് ഇന്നു നൽകിവരുന്ന ആശ്രയം വിദ്യാഭ്യാസസഹായങ്ങളും നൽകാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ; വിവേചനം തുടരണമെന്നു് ഉദ്ദേശമുണ്ടോ ; ഈ വിവേചനം അവസാനിപ്പിക്കാൻ തയ്യാറാകുമോ ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

ഇക്കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പട്ടികജാതിക്കാർ ക്രിസ്ത്യാനികളായി കൺവെർട്ട് ചെയ്താൽ ആ വിവരം ഗവണ്മെൻറ് എങ്ങനെയാണു് അറിയുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പട്ടിക ജാതിക്കാർ കൺവെർട്ട് ചെയ്യുമ്പോൾ ഒരു സെൻസസ് കൂടാതെ ആ വിവരം ഗവണ്മെൻറിനു് അറിവാൻ നിവൃത്തിയില്ല.

ശ്രീ. സി. കൊച്ചുകുഞ്ഞു് : ക്രിസ്ത്യാനികളായി കൺവെർട്ടചെയ്ത പട്ടികജാതിക്കാരുടെ ഒരു സെൻസസ് എടുക്കാൻ ഗവണ്മെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് ആലോചനാവിഷയമാണ്.

ശ്രീ. ടി. കെ. ദിവാകരൻ : മുഖ്യമന്ത്രി ഡൽഹിയിൽ നിന്നും തിരിച്ചുവന്നാൽ ഉടനെ ഈ കാര്യം സംബന്ധിച്ചു് ഒരു ഉത്തരവു് പുറപ്പെടുവിക്കാമെന്നു് ഉറപ്പു പറഞ്ഞിട്ടുള്ളതായി ബഹു: മന്ത്രിക്ക് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ പറഞ്ഞതായി അറിയാം.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെയാണെങ്കിൽ, അടുത്ത അവസരത്തിൽ ഇതേപ്പറ്റി തീരുമാനംചെയ്തുകൊണ്ടുള്ള ഒരാർഡർ പുറപ്പെടുവിക്കുമെന്നു് വിശ്വസിക്കാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ കാര്യത്തിൽ കഴിവുള്ളിടത്തോളം ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യുമെന്നു് വിശ്വസിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പട്ടികജാതിക്കാരിൽനിന്നും കുറെ അധികം ആളുകൾ ക്രസ്ത്യാനികളായി കൺവെർട്ട്ചെയ്യിട്ടുള്ളതും ഇപ്പോഴും കൺവെർട്ട ചെയ്യകൊണ്ടിരിക്കുന്നവെന്നും അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോഴും കൺവെർട്ട ചെയ്യകൊണ്ടിരിക്കുന്നവെന്ന് അറിവില്ല.

ശ്രീ. എം. എം. മത്തായി : പട്ടികജാതിക്കാരുടെ കൺവെർഷനെപ്പറ്റി ഇൻഡ്യൻ പ്രധാനമന്ത്രിയുടെ അഭിപ്രായം പത്രങ്ങളിൽനിന്നും അറിഞ്ഞിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞിട്ടില്ല.

ശ്രീ. കെ. സി. ജോർജ്ജ് : ഡൽഹിയിൽനിന്നും തിരിച്ചുവന്ന മുഖ്യമന്ത്രി പറഞ്ഞതായ ഉറപ്പ് എന്തുകൊണ്ട പാലിക്കുന്നില്ല?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുഖ്യമന്ത്രിക്ക് ഡൽഹിയിൽനിന്നും വന്നതിനുശേഷം ഈ കാര്യം വളെപ്പറ്റി ആലോചിക്കാൻ ഇതുവരെ സമയം കിട്ടിയിട്ടില്ല.

Births and Deaths

* 218. (a) [31] SHRI P. V. AVIRA THARAKAN : Will the Minister for Health be pleased to state :

(a) the number of deaths in 1950-51 and 1954-55 by

Influenza
Dysentery
Small-pox
Cholera
Typhoid
T. B.

(b) the measures taken by Government to check the diseases?

Minister for Health (SHRI A. A. RAHIM):

(a) The number of deaths.	1950-51	1954-55
Influenza	(not compiled separately)	32
Dysentery	5461	1462
Small-pox	339	159
Cholera	353	4
Typhoid	1184	648
T. B.	5045	2674

(b) പ്രിവെൻറിവ് മെഷേഴ്സ് എടുത്തിട്ടുണ്ട്.

ശ്രീ. പി. ആർ. മാധവൻപിള്ള: ഇതിനോടുകൂടി ഓരോ രോഗവും പിടിപെട്ടിട്ടുള്ള ആളുകളുടെ ജാതിതിരിച്ചുള്ള ഒരു പട്ടികകൂടി പറയാൻ മയുണ്ടാകുമോ ?

(ഉത്തരമില്ല.)

LIBRARY ARCHIVES Kerala Legislative Assembly